മാതൃഭൂമി
17 June 2023

# ശില്പശാല നടത്തി

കൊച്ചി ▸ പ്രകൃതിദത്ത ചേരുവകം ഉപയോഗിച്ച് വികസിപ്പിക്കുന്ന ഭക്ഷ്യസപ്ലിമെന്റുകളായ ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നങ്ങളുടെ വിപണനത്തിൽ ഇന്ത്യ വലിയ വളർച്ച കൈവരിച്ചതായി സി.എം.എഫ്.ആർ.ഐ. യിൽ നടന്ന ശില്പശാല അഭിപ്രായപ്പെട്ടു.

പ്രകൃതിദത്ത ബയോപോളിമറുകളെ കുറിച്ച് നടന്ന ശില്പശാല സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മറൈൻ ബയോടെക്നോളജി, ഫിഷ്ന്യൂട്രീഷൻ ആൻഡ് ഹെൽത്ത് ഡിവിഷൻ മേധാവി ഡോ. കൃപേഷ ശർമ അധ്യക്ഷത വഹിച്ചു.